ഉത്തരം

(എ) സംസ്ഥാന പോലീസ് സേനയുടെ ആധുനികവൽക്കരണത്തിനായി കേന്ദ്ര സഹായ പദ്ധതികളായ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് സ്കീം, പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് എന്നിവയിലൂടെ പുതിയ വാഹനങ്ങളും, ആധുനിക ഉപകരണങ്ങളും വാങ്ങിയും, പുതിയ കെട്ടിടങ്ങൾ പണികഴിപ്പിച്ചും, കമ്പ്യൂട്ടറൈസേഷൻ തുടങ്ങിയ കമ്മ്യൂണിക്കേഷൻ സംവിധാനം മെച്ചപ്പെടുത്തിയും വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാന പോലീസ് സേനയെ ആധുനികവൽക്കരിക്കുന്നതിനായി മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് പദ്ധതി പ്രകാരം 206.50 കോടി രൂപയും, പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 2237.258 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) തുടങ്ങിവച്ച നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്.

(ഡി) 2004-05 വർഷത്തെ മോഡണൈസേഷൻ ഓഫ് പോലീസ് ഫോഴ്സ് പദ്ധതിക്ക് ഡി. ജി. പി. സമർപ്പിച്ച 63 കോടി രൂപയുടെ ആക്ഷൻ പ്ലാൻ പരിശോധിച്ചുവരുന്നു. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരം 34870.84 ലക്ഷം രൂപയുടെ പദ്ധതിയാണ് അടുത്ത അഞ്ച് വർഷത്തേക്ക് പ്രതീക്ഷിക്കുന്നത്.

മയക്കുമരുന്നു കടത്ത് സംബന്ധിച്ച കേസുകൾ

172 [846] ശ്രീ. വി. ഡി. സതീശൻ:
„ അടൂർ പ്രകാശ്:
„ എ. പി. അനിൽകുമാർ:
„ ഇ. എം. അഗസ്തി:

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നു കടത്തുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നത് സംബന്ധിച്ച് നിലവിൽ എത്ര കേസുകൾ കോടതിയുടെ പരിഗണനയിലുണ്ട്;

(ബി) എത്രയെണ്ണം വിസ്താരത്തിലുണ്ട്; ഇവ ഫയൽ ചെയ്തിട്ട് എത്ര കാലം കഴിഞ്ഞു എന്നു വ്യക്തമാക്കുമോ;

(സി) ഈ കേസുകളുടെ അന്വേഷണം പൂർത്തിയാക്കുവാൻ എന്തു തടസ്സമാണുള്ളത് എന്ന് വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1,034 കേസുകൾ

(ബി) 2003 മുതൽ 2004 വർഷം വരെ—377 കേസ്

2001 മുതൽ 2002 വർഷം വരെ—310 കേസ്

1997 മുതൽ 2000 വർഷം വരെ—347 കേസ്

(സി) കേസുകളുടെ രാസപരിശോധനാ ഫലം സ്കെച്ച് പ്ലാൻ എന്നിവ ലഭിക്കുന്നതിന് അൽപം കാലതാമസം ഉണ്ടാകാറുണ്ട്. എന്നാൽ ഈ വിധത്തിലുള്ള കേസുകൾ കാലവിളംബം കൂടാതെ കോടതിയിൽ ചാർജ് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കേസന്വേഷണത്തിൽ കാലതാമസം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മയക്കുമരുന്ന് കടത്ത്

173 [847] ശ്രീ. എ. കെ. മണി:

" കെ. എ. ചന്ദ്രൻ:

" എൻ. ഡി. അപ്പച്ചൻ:

" ഡി. സുഗതൻ:

" ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മയക്കുമരുന്നു കടത്തുകയോ സ്റ്റോറു ചെയ്യുകയോ, കൈവശം വയ്ക്കുകയോ ചെയ്ത കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇതിൽ എത്ര കേസുകൾ കണ്ടുപിടിക്കപ്പെട്ടു എന്നു വിശദമാക്കാമോ;

(ബി) കണ്ടെത്തിയ മയക്കുമരുന്നുകളുടെ വില എത്രയെന്നും ഇവ എന്ത് ചെയ്തുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1,256 കേസുകൾ.

(ബി) പിടിച്ചെടുത്ത മയക്കുമരുന്ന് ഓപ്പൺ മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ യഥാർത്ഥ വില കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ വില കണക്കാക്കാൻ കഴിഞ്ഞവയ്ക്ക് ഉദ്ദേശം 2,80,06,246 രൂപ വില വരുമെന്ന് കരുതുന്നു. പിടിച്ചെടുത്ത മയക്കുമരുന്നുകൾ യഥാസമയം കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly